പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1678** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മലബാറിലെ പ്രിയദർശിനി പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രിയദർശിനി പദ്ധതിയിൽ ഉൾപ്പെടുത്തിയ ബസുകളിൽ നാളിതുവരെ എത്ര സ്ത്രീകൾ യാത്ര ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി വഴി എത്ര രൂപയുടെ ആനുകൂല്യം സ്ത്രീകൾക്ക് ലഭ്യമായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2026 ജൂൺ 15-ന് പദ്ധതി ആരംഭിച്ചതു മുതൽ 11.10.2026 വരെ സംസ്ഥാനത്തുടനീളം ആകെ 15,51,01,072 സ്ത്രീ / ട്രാൻസ്ജെൻഡർ യാത്രക്കാർ സൗജന്യമായി യാത്ര ചെയ്തു.

ഇതുവഴി സ്ത്രീകൾക്ക് ലഭിച്ച ആനുകൂല്യം 330.04 കോടി രൂപയുടെ ടിക്കറ്റ് മൂല്യമാണ്. ജില്ല തിരിച്ചുള്ള പ്രിയദർശിനി യാത്രക്കാരും ടിക്കറ്റ് മൂല്യവും

| ക്രമ നം. | ജില്ല | സൗജന്യ യാത്രക്കാർ | ടിക്കറ്റ് മൂല്യം (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 3,74,24,082 | 65,19,10,690 |
| 2 | കൊല്ലം | 2,40,68,012 | 43,78,51,109 |
| 3 | പത്തനംതിട്ട | 74,66,526 | 14,18,49,764 |
| 4 | ആലപ്പുഴ | 1,11,33,139 | 21,37,42,204 |
| 5 | കോട്ടയം | 70,09,958 | 14,92,05,168 |
| 6 | ഇടുക്കി | 38,09,962 | 11,34,25,122 |
| 7 | എറണാകുളം | 1,46,71,097 | 29,84,36,234 |
| 8 | തൃശ്ശൂർ | 60,81,418 | 15,04,93,816 |
| 9 | പാലക്കാട് | 51,85,699 | 15,84,87,488 |
| 10 | മലപ്പുറം | 40,06,806 | 12,40,91,236 |
| 11 | കോഴിക്കോട് | 81,44,631 | 21,69,39,341 |
| 12 | വയനാട് | 87,92,270 | 20,90,25,232 |

| | | | |
|---|---|---|---|
| 13 | കണ്ണൂർ | 98,66,267 | 23,74,07,721 |
| 14 | കാസറഗോഡ് | 74,41,205 | 19,75,09,817 |
| | ആകെ | 15,51,01,072 | 3,30,03,74,942 |

**(ബി)** പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം കെ.എസ്.ആർ.ടി.സി. സർവീസ് താരതമ്യേന കുറവുള്ള മലബാർ മേഖലയിലെ ജില്ലകളിൽ പുതുതായി എത്ര കെ.എസ്.ആർ.ടി.സി. സർവീസ് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മലബാർ മേഖലയിലെ പാലക്കാട് ജില്ലയിൽ 2, മലപ്പുറം ജില്ലയിൽ 15, കോഴിക്കോട് ജില്ലയിൽ 3, വയനാട് ജില്ലയിൽ 2, കണ്ണൂർ ജില്ലയിൽ 6, കാസറഗോഡ് ജില്ലയിൽ 1 സർവീസും പുതുതായി ആരംഭിച്ചിട്ടുണ്ട്.

**(സി)** മലപ്പുറം ജില്ലയിലൂടെയും വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലൂടെയും ഉള്ള കെ.എസ്.ആർ.ടി.സി. പ്രിയദർശിനി ബസ് സർവീസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിൽ നിന്നും 89 പ്രിയദർശിനി ബസ് സർവീസുകൾ നിലവിൽ നടത്തിവരുന്നുണ്ട്. കൂടാതെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലൂടെ 12 സർവീസുകൾ വിവിധ ഡിപ്പോകളിൽ നിന്നും നിലവിൽ നടത്തി വരുന്നുണ്ട്.

**(ഡി)** ഏറെ യാത്രാദുരിതം അനുഭവിക്കുന്നതും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതുമായ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ തീരദേശത്തേക്ക് പുതുതായി പ്രിയദർശിനി ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ തീരദേശത്തേക്ക് വിവിധ ഡിപ്പോകളിൽ നിന്ന് പുതിയ പ്രിയദർശിനി ബസ് സർവീസുകൾ ആരംഭിക്കുന്നതിന് ആയതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി ടി റൂട്ടിൽ നിലവിലുള്ള സ്വകാര്യ ബസുകളുടെ സമയക്രമവും മറ്റ് പൊതുഗതാഗത സംവിധാനത്തിന്റെ സാധ്യതയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**